**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769** **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു മാതൃക സൃഷ്ടിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; | (എ) | സഹകരണ മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു മാതൃക സൃഷ്ടിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ നൂതന പദ്ധതികൾ രൂപപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. നൂതന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>• **ഫെനി നിർമ്മാണം** - കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ഫെനി ഉൽപ്പാദിപ്പിക്കുകയും, കൺസ്യൂമർ ഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണിത്.<br>• **ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം** - കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്' ആക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. കേരളത്തിൽ പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണവകുപ്പ് പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്.<br>• **പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT)** - കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താത്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പസംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും, വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് POT പദ്ധതി. നിശ്ചിത |

കാലയളവിന് ശേഷം ഭൂമിയോടൊപ്പം തോട്ടം പ്രവാസിക്ക് തിരികെ നൽകുന്നതുമായ പദ്ധതിയാണിത്.

- **'അങ്ങാടി കേരള' ആപ്പ്** - സഹകരണ മേഖലയിലെ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ അങ്ങാടി കേരള ആപ്പ് വികസിപ്പിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഉപഭോക്താക്കൾക്ക് സമീപത്തെ സഹകരണ വിൽപ്പന കേന്ദ്രങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും, ഉത്പന്നങ്ങൾ ഓർഡർ ചെയ്യാനും സഹായിക്കുന്നു.
- **സഖി പദ്ധതി** - സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും ഉയർന്ന നിലവാരമുള്ള പരിചരണം ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവപരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം നൽകൽ ലക്ഷ്യമിടുന്ന പദ്ധതിയാണ് സഖി. വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള ധനസഹായ പദ്ധതിയിലാണ് സഖി പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.
- **നവനീതം പദ്ധതി** - 8 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഒരു അദ്ധ്യായന വർഷാവസാനം ബാഗ്, നോട്ട് ബുക്കുകൾ, കുട, മറ്റ് പഠനോപകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റ് സ്കൂൾ സഹകരണസംഘങ്ങൾ മുഖേന നൽകുന്ന പദ്ധതിയാണിത്. കുട്ടികളിൽ സഹകരണ മേഖല സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും 2026-27 സാമ്പത്തികവർഷത്തെ സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നവനീതം എന്ന ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.
- **സഹജ്യോതി പദ്ധതി-** ഊർജ്ജ മേഖലയ്ക്ക് ഒരു കൈത്താങ് എന്ന നിലയിൽ എല്ലാ സഹകരണ സംഘങ്ങളും Solar energy യിലേക്ക് മാറേണ്ടതിന്റെ ഭാഗമായി സഹജ്യോതി എന്ന ഒരു പുതിയ പദ്ധതി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള

പ്രൊപ്പോസൽ പരിഗണനയിലുണ്ട്. സഹകരണ സംഘങ്ങൾക്കിടയിൽ ടി പദ്ധതി പ്രോൽസാഹിപ്പിക്കുക, പുനരുപയോഗിക്കാനാവാത്ത ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക എന്നിവയിലൂടെ സുസ്ഥിരഭാവി വിഭാവനം ചെയ്യുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം.

- **കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി** - പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി'. വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക, സഹകരണ മേഖലയിലൂടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബല സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സൊസൈറ്റികളുടെ പുനരധിവാസം എന്നിവയാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.
- **Co-operative Inspection Management System (CIMA)-** സഹകരണ മേഖലയുടെ നവീകരണത്തിനും പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങളുടെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമാണ് CIMA (Version 1.0). ഇതിലൂടെ: റിയൽടൈം ഡാറ്റാ വിശകലനം,ജിയോ-മാപ്പിംഗ്, ജിയോ-ഫെൻസിംഗ്, ഇൻസ്പെക്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കൽ, 100% ഡിജിറ്റൽ രേഖകൾ എന്നിവ ഉറപ്പാക്കുന്നു.
- **MRF Portal (Member Relief Fund)-** അംഗ സമാശ്വാസ നിധി (Member Relief Fund) പദ്ധതിയിലേക്കുള്ള അപേക്ഷകൾ

ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

- **പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്‌വെയർ-** സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനുമായി യൂണിഫോം സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കുകയും പ്രസ്തുത RFP 03.11.2025-ന് e-tender website-ൽ പ്രസിദ്ധീകരിച്ച് ടെണ്ടർ സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.
- **Cooperative Employee Management System (CEMS)-** സർക്കാർ ജീവനക്കാർക്കായുള്ള Integrated Personnel, Payroll and Accounts Information System സോഫ്റ്റ്‌വെയർ ആയ SPARK മാതൃകയിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി ഒരു സോഫ്റ്റ്‌വെയർ സംവിധാനം തയ്യാറാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതുവഴി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ HR, സർവീസ് ഡീറ്റെയിൽസ്, ട്രെയിനിങ്, പെൻഷൻ ഡീറ്റെയിൽസ്, എക്സാമിനേഷൻ ബോർഡ്, പെൻഷൻ ബോർഡ്, എംപ്ലോയീസ് വെൽഫെയർ ബോർഡുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.
- **Society Byelaw Registration and Amendment System (CORASS)-** സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ സമഗ്രത നൽകുന്നതിനായി Sub Rule അംഗീകാരം കൂടി ഉൾപ്പെടുത്തി, ബൈലോ രജിസ്ട്രേഷൻ/ ഭേദഗതി നടപടികൾ

| | | | |
|---|---|---|---|
| | | | കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്തുന്നതിനുള്ള പുതിയ വെബ്സൈറ്റ് CORASS എന്ന പേരിൽ സിഡിറ്റിന്റെ സഹകരണത്തോടെ നിർമാണം നടത്തി വരുന്നു. AI സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വെബ്സൈറ്റ് സഹകരണ സംഘം രജിസ്ട്രേഷൻ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർണമായും ഓൺലൈൻ മുഖേന ചെയ്യാവുന്ന വിധത്തിൽ ആണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.<br>• **കോ-ഓപ്പ് കണക്ട് (Co-op Connect App)-** സഹകരണ മേഖലയിലെ വിവിധ ഗാർഹിക സേവനങ്ങളെ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്. അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന കേരളത്തിൽ ഉപഭോക്താക്കൾക്ക് വിശ്വസനീയമായ സേവനങ്ങൾ ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>• **<u>ഫെനി നിർമ്മാണം</u>** - കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ഫെനി ഉൽപ്പാദിപ്പിക്കുകയും, കൺസ്യൂമർ ഫെഡ് ഔറ്റ്ലെറ്റുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്ന പദ്ധതിയാണിത്.<br>• **<u>ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം</u>** - കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്' ആക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്.<br>• **<u>പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT)</u>** - കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താത്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പസംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും, വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് POT പദ്ധതി. |

| | | | |
|---|---|---|---|
| | | | • **<u>'അങ്ങാടി കേരള' ആപ്പ്</u>** - സഹകരണ മേഖലയിലെ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ അങ്ങാടി കേരള ആപ്പ് വികസിപ്പിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഉപഭോക്താക്കൾക്ക് സമീപത്തെ സഹകരണ വിൽപ്പന കേന്ദ്രങ്ങൾ എളുപ്പത്തിൽ കണ്ടെത്താനും, ഉത്പന്നങ്ങൾ ഓർഡർ ചെയ്യാനും സഹായിക്കുന്നു.<br>• **<u>സഹജ്യോതി പദ്ധതി</u>**- ഊർജ്ജ മേഖലയ്ക്ക് ഒരു കൈത്താങ് എന്ന നിലയിൽ എല്ലാ സഹകരണ സംഘങ്ങളും Solar energy യിലേക്ക് മാറേണ്ടതിന്റെ ഭാഗമായി സഹജ്യോതി എന്ന ഒരു പുതിയ പദ്ധതി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>• **<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്‌വെയർ</u>**- സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനുമായി യൂണിഫോം സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രവാസി സമൂഹത്തിനായി സഹകരണ മേഖലയിൽ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ പുതിയൊരു പദ്ധതി നടപ്പാക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | പ്രവാസി സമൂഹത്തിനായി സഹകരണ മേഖലയിൽ പ്ലാന്റ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ പുതിയൊരു പദ്ധതി നടപ്പാക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. കേരളത്തിൽ പ്രവാസികളുടെ കൈവശമുള്ള കൃഷിയോഗ്യ ഭൂമി താത്കാലികമായി ഏറ്റെടുത്ത് പ്രാഥമിക വായ്പ സംഘങ്ങൾ വഴി ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയും, വിളവെടുപ്പ് നടത്തി വിപണനം നടത്തുകയും ചെയ്യുന്നതാണ് **പ്രവാസികൾക്കുള്ള "പ്ലാന്റ് ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ" (POT)** പദ്ധതി. നിശ്ചിത കാലയളവിന് ശേഷം ഭൂമിയോടൊപ്പം തോട്ടം പ്രവാസിക്ക് തിരികെ നൽകുന്ന പദ്ധതിയാണിത്. **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA))** എന്ന പദ്ധതിയിലെ ഉപഘടകമായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കുട്ടികളിൽ സഹകരണ മേഖല സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (ഡി) | കുട്ടികളിൽ സഹകരണ മേഖല സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും 2026-27 സാമ്പത്തികവർഷത്തെ സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി **'നവനീതം'** എന്ന ഒരു പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>8 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഒരു അദ്ധ്യായന വർഷാവസാനം ബാഗ്, നോട്ട് ബുക്കുകൾ, കുട, മറ്റ് പഠനോപകരണങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റ് സ്കൂൾ സഹകരണസംഘങ്ങൾ മുഖേന നൽകുന്ന പദ്ധതിയാണിത്. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കാണ് ടി പദ്ധതി ആദ്യം നടപ്പിലാക്കുന്നത്.<br><br>ഓരോ കുട്ടിക്കും 100/- രൂപ ടി പഠന കിറ്റിനായി സർക്കാർ സബ്സിഡിയായി ഒരു വർഷം അനുവദിക്കുന്നു. ബാക്കി തുക സ്കൂൾ സഹകരണ സംഘങ്ങളിൽ കുട്ടികൾ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്നും കണ്ടെത്തുന്നു. തിങ്കൾ മുതൽ വെള്ളിവരെയുള്ള പ്രവൃത്തിദിവസങ്ങളിൽ സ്കൂൾ സഹകരണ സംഘങ്ങളിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് കുട്ടികൾക്ക് തുക നിക്ഷേപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ